2024 JUNE 20 THURSDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY

www.societytodaynews.com

E-mail: societytodaynews@gmail.com

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## കെൽട്രോണിന് നേവിയിൽ നിന്ന് 97 കോടിയുടെ ഓർഡർ

**തിരുവനന്തപുരം:** സമുദ്രാന്തർ മേഖലയ്ക്ക് ആവശ്യമായ വിവിധ പ്രതിരോധ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമിച്ചു നൽകുന്നതിന് കെൽട്രോണിന് ഇന്ത്യൻ നാവികസേനയിൽ നിന്നും 97 കോടി രൂപയുടെ പുതിയ ഓർഡർ ലഭിച്ചു.

കെൽട്രോണിൻറെ തിരുവനന്തപുരം കരകുളത്തുള്ള കെൽട്രോൺ എക്യുപ്മെൻറ് കോംപ്ലക്സ്, അരൂരിലുള്ള കെൽട്രോൺ കൺട്രോൾസ്, സബ്സിഡിയറി കമ്പനിയായ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് എന്നീ യൂണിറ്റുകളാണ് ഓർഡർ അനുസരിച്ചുള്ള ഉത്പന്നങ്ങൾ നാവികസേനയ്ക്ക് നിർമിച്ചു നൽകുന്നത്. നാവികസേനയിൽ നിന്ന് തന്ത്ര പ്രധാന ഉപകരണങ്ങൾക്കുള്ള ഓർഡറുകൾ തുടർച്ചയായി ലഭിക്കുന്നത് കെൽട്രോൺ കൈവരിച്ച പ്രവർത്തന മികവിൻറെ ഫലമായാണെന്ന് വ്യവസായ മന്ത്രി പി. രാജീവ് പറഞ്ഞു.

സോണർ അറെകൾക്കുവേണ്ടി കെൽട്രോൺ സ്വന്തമായി രൂപകൽപ്പന ചെയ്ത ലോ ഫ്രീക്വൻസി പ്രോസസിങ് മോഡ്യൂളുകളാണ് ഈ ഓർഡറിൽ പ്രധാനപ്പെട്ടവ. അന്തർവാഹിനികളെയും കപ്പലുകളെയും കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനും വേണ്ടിയുള്ള സംവിധാനമാണ് സോണാറുകൾ. കെൽട്രോൺ നിർമിച്ചു നൽകിയ പ്രോട്ടോടൈപ്പുകൾ പരിശോധിച്ചു ഗുണനിലവാരം ഉറപ്പാക്കിയ ശേഷം നിലവിൽ രണ്ട് പ്രോസസിങ് മോഡ്യൂളുകൾക്കാണ് ഓർഡർ നൽകിയിട്ടുള്ളത്. കൂടുതൽ ദൂരത്തിലുള്ള ടാർഗറ്റുകളെ കണ്ടെത്തുന്നതിന് കെൽട്രോണിൻറെ ലോ ഫ്രീക്വൻസി പ്രോസസിങ് മോഡ്യൂളുകൾ സഹായകമാകും. ഉപയോഗിച്ച് മികവ് തെളിയിക്കുന്നതോടെ സമുദ്രാന്തർ സാങ്കേതിക സംവിധാനങ്ങളിൽ ഈ മോഡ്യൂളുകൾക്ക് അനവധി സാധ്യതകൾ ഭാവിയിൽ ഉണ്ടാവുകയും ചെയ്യും.

ഇതോടൊപ്പം നാവികസേനയുടെ വിവിധതരം കപ്പലുകളിൽ സ്ഥാപിക്കുന്നതിനു സമുദ്ര ജലത്തിൻറെ ആഴം അളക്കുന്നതിനുള്ള എക്കോ സൗണ്ടർ, കപ്പലുകളുടെയും മറ്റും വേഗം കണക്കാക്കുന്നതിനുള്ള ഇലക്ട്രോ മാഗ്നെറ്റിക് ലോഗ്, ഡേറ്റ ഡിസ്ട്രിബ്യൂഷൻ യൂണിറ്റുകൾ, ആൻറി സബ്മറൈൻ ഷാലോ വാട്ടർ ക്രാഫ്റ്റുകൾക്കുള്ള സോണാറിന് ആവശ്യമായ പവർ ആംപ്ലിഫയറുകൾ തുടങ്ങിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഈ ഓർഡറിൻറെ അടിസ്ഥാനത്തിൽ കെൽട്രോൺ നിർമിച്ചു നൽകും.

കഴിഞ്ഞ 25 വർഷമായി പ്രതിരോധ ഇലക്ട്രോണിക്സ് മേഖലയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ, പ്രത്യേകമായി ഇന്ത്യൻ നാവികസേനയ്ക്ക് അണ്ടർ വാട്ടർ ഉപകരണങ്ങൾ നിർമിക്കുന്നതിൽ മുൻപന്തിയിലുള്ള പൊതുമേഖല സ്ഥാപനമാണ്.



## ഓഹരി വിപണിയിൽ പുതു ഉയരം; അഞ്ചാം ദിവസവും റെക്കോർഡ് മുന്നേറ്റം

**കൊച്ചി:** വിദേശ, ആഭ്യന്തര ഫണ്ടുകളും ചെറുകിട നിക്ഷേപകരും വർധിത വീര്യത്തോടെ വിപണിയിൽ സജീവമായതോടെ തുടർച്ചയായ അഞ്ചാം ദിവസവും ഓഹരി വിപണി റെക്കോഡുകൾ പുതുക്കി മുന്നേറി. ഈ വർഷം ഫെഡറൽ റിസർവ് പലിശ നിരക്ക് കുറച്ചേക്കുമെന്ന പ്രതീക്ഷയും മൂന്നാം മോദി സർക്കാർ സാമ്പത്തിക പരിഷ്കരണ നടപടികൾ കൂടുതൽ സജീവമാക്കുമെന്ന പ്രതീക്ഷയും വിപണിക്ക് കരുത്ത് പകർന്നു. പ്രധാനമായി ബാങ്ക് ഓഹരികളാണ് മുന്നേറ്റം രേഖപ്പെടുത്തുന്നത്.

ഇതോടെ ബോംബെ ഓഹരി സൂചികയായ സെൻസെക്സും നിഫ്റ്റിയും റെക്കോഡ് ഉയരത്തിലേക്ക് നീങ്ങി. വ്യാപാരത്തിനിടെ 280.32 പോയിൻറ് മുന്നേറിയതോടെ സെൻസെക്സ് 77,500 എന്ന സൈക്കോളജിക്കൽ ലെവൽ മറികടന്ന് 77,581.46 ൽ എത്തി. നിഫ്റ്റി 72.95 പോയിൻറ് നേട്ടത്തോടെ 23,630.85ൽ അവസാനിച്ചു. ഇൻഡസ്ഇൻഡ് ബാങ്ക്, ഐസിഐസിഐ ബാങ്ക്, ജെഎസ്ഡബ്ല്യൂ സ്റ്റീൽ, ആക്സിസ് ബാങ്ക്, ഇൻഫോസിസ്, ടിസിഎസ്, എച്ച്ഡിഎഫ്സി ബാങ്ക് എന്നിവയാണ് പ്രധാനമായ നേട്ടം ഉണ്ടാക്കിയ ഓഹരികൾ. എൻടിപിസി, പവർ ഗ്രിഡ്, ബജാജ് ഫിനാൻസ് ഓഹരികൾ നഷ്ടം നേരിട്ടു.

## അന്തർസംസ്ഥാന ബസുകൾ തടഞ്ഞ് തമിഴ്നാട്

### യാത്രക്കാരെ പെരുവഴിയിൽ ഇറക്കിവിട്ടു

**തിരുവനന്തപുരം:** തമിഴ്നാട്ടിലൂടെയുള്ള അന്തർസംസ്ഥാന ബസ് യാത്ര പ്രശ്നം രൂക്ഷമാകുന്നു. തിരുവനന്തപുരത്തുനിന്നു ബെംഗളൂരുവിലേക്ക് പോയ ബസുകൾ ഇന്നലെ അർധരാത്രി തമിഴ്നാട് തടഞ്ഞു. വൺ ഇന്ത്യ വൺ ടാക്സിനെ ചൊല്ലിയുള്ള തർക്കമാണ് കാരണം.

അർധരാത്രി യാത്രക്കാരെ ബസിൽനിന്ന് ഇറക്കിവിട്ടു. തമിഴ്നാട് നാഗർകോവിൽ ഭാഗത്തായാണ് ബസ് തടഞ്ഞത്. വിദ്യാർഥികൾ ഉൾപ്പെടെ നിരവധി മലയാളികളാണ് ഭൂരിഭാഗം യാത്രക്കാരും. മറ്റ് ഏതെങ്കിലും ബസിൽ യാത്ര തുടരാനാണ് തമിഴ്നാട് എംവിഡി ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടത്.കഴിഞ്ഞദിവസം കേരളത്തിൽനിന്നു തമിഴ്നാട്ടിലേക്കുള്ള അന്തർ സംസ്ഥാന ബസ് സർവീസുകൾ വ്യാപകമായി റദ്ദാക്കിയത് യാത്രക്കാരെ ബുദ്ധിമുട്ടിലാക്കിയിരുന്നു. ബസുകളുടെ നികുതിയുമായി ബന്ധപ്പെട്ട തമിഴ്നാട് മോട്ടർ വാഹന വകുപ്പിൻറെ കടുത്ത നിലപാട് കാരണമാണ് സർവീസ് റദ്ദാക്കേണ്ടി വന്നതെന്ന് ബസ് ഉടമകൾ പറയുന്നു. വൺ ഇന്ത്യ വൺ ടാക്സ് പദ്ധതി പ്രകാരം നികുതി അടച്ചതാണെന്നും എന്നാൽ ഇതു തമിഴ്നാട് മോട്ടർ വാഹന വകുപ്പ് അംഗീകരിക്കുന്നില്ലെന്നും ആണ് സംസ്ഥാനത്തെ ബസ് ഉടമകളുടെ വാദം.തമിഴ്നാട്ടിൽ റജിസ്റ്റർ ചെയ്യാത്ത വാഹനങ്ങൾക്ക് ഉയർന്ന നികുതി വേണമെന്ന് നിലപാടെടുത്തതോടെയാണ് സർവീസുകൾ നിർത്തിവയ്ക്കേണ്ടി വന്നതെന്നും ബസ് ഉടമകൾ വിശദീകരിച്ചു. ഇതിനു പിന്നാലെയാണ് ഇന്ന് ബസുകൾ അതിർത്തികളിൽ തഞ്ഞിട്ടതായുള്ള വാർത്തയെത്തിയത്.




## യുജിസി നെറ്റ് പരീക്ഷ റദ്ദാക്കി; സിബിഐ അന്വേഷിക്കും

**ന്യൂഡൽഹി:** ചൊവ്വാഴ്ച നടന്ന കോളജ് അധ്യാപന യോഗ്യതാപരീക്ഷ 'യുജിസി നെറ്റ്' റദ്ദാക്കി. ദേശീയ പരീക്ഷാ ഏജൻസി (എൻടിഎ) നടത്തിയ പരീക്ഷയിലെ ചോദ്യങ്ങൾ ചോർന്നെന്ന സംശയത്തെത്തുടർന്ന് ഇന്നലെ രാത്രിയാണ് കേന്ദ്ര സർക്കാരിന്റെ അപ്രതീക്ഷിത പ്രഖ്യാപനം വന്നത്. അന്വേഷണം സിബിഐയെ ഏൽപിച്ചതായി വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

രാജ്യത്തെ 1205 കേന്ദ്രങ്ങളിൽ നടന്ന പരീക്ഷ 11.21 ലക്ഷം പേരാണ് എഴുതിയത്. 'നെറ്റ്' യോഗ്യത ഇത്തവണ മുതൽ പിഎച്ച്ഡി പ്രവേശനത്തിനും പരിഗണിക്കുമെന്നതിനാൽ പരീക്ഷയ്ക്കു പ്രാധാന്യമേറിയിരുന്നു. 2018 മുതൽ ഓൺലൈനായിരുന്ന പരീക്ഷ ഇക്കുറി വീണ്ടും ഓഫ്‌ലൈൻ രീതിയിലേക്കു മാറ്റിയിരുന്നു.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ഇന്ത്യൻ സൈബർ ക്രൈം കോഓർഡിനേഷൻ സെന്ററിനു (ഐ4സി) കീഴിലെ നാഷനൽ സൈബർ ക്രൈം ത്രെറ്റ് അനലിറ്റിക്സ് യൂണിറ്റാണ് പരീക്ഷയിൽ ക്രമക്കേട് നടന്നെന്ന സൂചനകൾ കൈമാറിയത്. ഇവ വിലയിരുത്തി പരീക്ഷ റദ്ദാക്കാൻ കേന്ദ്രം തീരുമാനിക്കുകയായിരുന്നു. പുനഃപരീക്ഷ സംബന്ധിച്ച വിവരങ്ങൾ പിന്നീട് അറിയിക്കും.

നീറ്റ്‌യുജി പരീക്ഷയിലെ വിവാദങ്ങളെത്തുടർന്ന് പ്രതിരോധത്തിലായ എൻടിഎയുടെ വിശ്വാസ്യത കൂടുതൽ ചോദ്യം ചെയ്യപ്പെടാൻ യുജിസി നെറ്റ് റദ്ദാക്കൽ കാരണമാകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എയർ ഇന്ത്യ എക്സ്പ്രസ് സേഫ്റ്റി ഓഡിറ്റ് പൂർത്തിയാക്കി




**കൊച്ചി:** ലോകോത്തര സുരക്ഷ സംവിധാനങ്ങൾ ഉറപ്പാക്കാനായി അന്താരാഷ്ട്ര എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (അയാട്ട) നടത്തുന്ന അയാട്ട ഓപ്പറേഷണൽ സേഫ്റ്റി ഓഡിറ്റ് (അയോസ) എയർ ഇന്ത്യ എക്സ്പ്രസ് വിജയകരമായി പൂർത്തിയാക്കി.വ്യോമയാന മേഖലയിലെ സുരക്ഷ സംബന്ധിച്ചുള്ള സുപ്രധാന ഘടകമാണ് അയാട്ട ഓപ്പറേഷണൽ സേഫ്റ്റി ഓഡിറ്റ് രജിസ്ട്രേഷൻ. സുരക്ഷയും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയാണ് അയോസ പരിശോധനയുടെ ലക്ഷ്യം. മാനേജ്മെൻറ്, ഫ്ലൈറ്റ് ഓപ്പറേഷൻസ്, ഓപ്പറേഷണൽ കൺട്രോൾ, ഫ്ലൈറ്റ് ഡിസ്പാച്ച്, എയർക്രാഫ്റ്റ് എഞ്ചിനീയറിംഗും മെയിൻറനൻസും, ക്യാബിൻ ഓപ്പറേഷൻസ്, എയർക്രാഫ്റ്റ് ഗ്രൗണ്ട് ഹാൻഡിലിംഗ്, കാർഗോ ഓപ്പറേഷൻസ്, ഓപ്പറേഷണൽ സെക്യൂരിറ്റി തുടങ്ങിയ പ്രധാന മേഖലകളിലെ മികവ് പരിഗണിച്ചാണ് അയാട്ട ഓപ്പറേഷണൽ സേഫ്റ്റി ഓഡിറ്റ് രജിസ്ട്രേഷൻ നൽകുന്നത്.അയാട്ട ഓപ്പറേഷണൽ സേഫ്റ്റി ഓഡിറ്റ് രജിസ്ട്രേഷൻ വിജയകരമായി പൂർത്തിയാക്കിയതിൽ അഭിമാനമുണ്ടെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. സുരക്ഷ, ഭദ്രത, പ്രവർത്തന മികവ് തുടങ്ങിയവയിലുള്ള ഞങ്ങളുടെ അർപ്പണബോധത്തിൻറെ തെളിവാണ് ഈ നേട്ടം. അയാട്ട ഓപ്പറേഷണൽ സേഫ്റ്റി ഓഡിറ്റ് രജിസ്ട്രേഷൻ എന്ന കർശനമായ ഈ വിലയിരുത്തൽ പ്രക്രിയ പൂർത്തിയാക്കുന്നത് എല്ലാ പ്രവർത്തനങ്ങളിലും അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.ലോകമെമ്പാടുമുള്ള എയർലൈനുകളുടെ ട്രേഡ് അസോസിയേഷനായ അയാട്ട (ഇൻറർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ) ആണ് അയാട്ട ഓപ്പറേഷണൽ സേഫ്റ്റി ഓഡിറ്റ് നടത്തുന്നത്.

# മോട്ടറോള എഡ്ജ് 50 അൾട്രാ പുറത്തിറക്കി




**കൊച്ചി:** എഡ്ജ് ഫ്രാഞ്ചൈസിയിലെ ഏറ്റവും നൂതന ഫോൺ എഡ്ജ് 50 അൾട്രാ പുറത്തിറക്കി മോട്ടറോള. എഐ ജനറേറ്റീവ് തീം, ഇമേജ് ജനറേഷൻ ചെയ്യാനുള്ള മാജിക് ക്യാൻവാസ്, മോട്ടോ എഐ, സ്മാർട്ട് കണക്റ്റ് ഫീച്ചർ എന്നിങ്ങനെ നിരവധി അത്യാധുനിക നവീകരണങ്ങൾ വരുന്നതാണ് മോട്ടോറോള എഡ്ജ് 50 അൾട്രാ. മോട്ടറോളയുടെ മുൻനിര ക്യാമറയായ എഐ പാന്റോൺ ക്യാമറ, 6.7 ഇഞ്ച് കർവ്ഡ് പോൾഇഡി ഡിസ്പ്ലേ, ടർബോപവർ 50വാട്ട് വയർലെസ് 125വാട്ട് ടർബോപവർ ചാർജിംഗ് എന്നിവ വരുന്നു.

ഐപി68 അണ്ടർവാട്ടർ സുരക്ഷയോടെ ഗൊറില്ല ഗ്ലാസ് വിക്ടസ് ഡിസ്പ്ലേ പ്രൊട്ടക്ഷനും വരുന്ന സ്മാർട്ഫോണിൽ 12ജിബി റാം+512ജിബി സ്റ്റോറേജുമുണ്ട്. എഐ അധിഷ്ഠിത സ്മാർട്ട്ഫോൺ സാങ്കേതികവിദ്യയിലെ സുപ്രധാന കുതിച്ചുചാട്ടമാണ് മോട്ടോറോള എഡ്ജ് 50 അൾട്രാ എന്ന് മോട്ടറോള ഇന്ത്യ മാനേജിംഗ് ഡയറക്ടർ  ടി എം നരസിംഹൻ പറഞ്ഞു.

മോട്ടോറോള എഡ്ജ് 50 അൾട്രാ നോർഡിക് വുഡ് എന്നറിയപ്പെടുന്ന യഥാർത്ഥ വുഡ് ഫിനിഷിലും ഫോറസ്റ്റ് ഗ്രേ, പീച്ച് ഫസ് നിറങ്ങളിൽ വീഗൻ ലെതർ ഫിനിഷിലും ലഭ്യമാണ്. ജൂൺ 24ന് 12 മണി മുതൽ ഫ്ലിപ്കാർട്ട്, മോട്ടോറോള.ഇൻ, പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവയിൽ വിൽപ്പനയ്ക്കെത്തും.12ജിബി +512ജിബിക്ക് 59,999 രൂപയാണ് ലോഞ്ച് വില.

പ്രത്യേക പ്രാരംഭ ഓഫറിലൂടെ പരിമിത കാലയളവിലേക്ക് 5000 രൂപ കിഴിവിൽ 54,999 രൂപയ്ക്കും എച്ച് ഡി എഫ് സി, ഐസിഐസിഐ തുടങ്ങിയ ബാങ്കുകളിൽ നിന്ന് 5,000 രൂപ അധിക കിഴിവിലൂടെ 49,999 രൂപയ്ക്കും എഡ്ജ് 50 അൾട്രാ സ്വന്തമാക്കാം. പ്രതിമാസം 4,167/ മുതൽ 12 മാസം വരെ നോ കോസ്റ്റ് ഇഎംഐയിലും ലഭിക്കും.




# ഹോസ്പിറ്റൽ റാങ്കിങ്ങിൽ തിളങ്ങി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** രാജ്യത്തെ ഏറ്റവും മികച്ച ആശുപത്രികൾ തെരഞ്ഞെടുക്കുന്ന ഔട്ട്ലുക്ക് ആൻഡ് എൻ.ഇ.ബി റിസർച്ച് 2024ൽ അത്യുജ്ജ്വല പ്രകടനവുമായി ആസ്റ്റർ മെഡ്സിറ്റി. വിവിധ വിഭാഗങ്ങളിലായി ഇന്ത്യയിലെ തന്നെ മുൻനിര ആശുപത്രികളോട് കിടപിടിച്ച് ഏറ്റവും ഉയർന്ന സ്ഥാനങ്ങളാണ് കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി കരസ്ഥമാക്കിയിരിക്കുന്നത്.

രാജ്യത്തെ ഏറ്റവും മികച്ച രണ്ടാമത്തെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി എന്നീ സുപ്രധാന നേട്ടങ്ങളാണ് ആസ്റ്റർ മെഡ്സിറ്റി നേടിയത്. മികച്ച ആശുപത്രികൾ തിരഞ്ഞെടുക്കാൻ സഹായിക്കുന്നതിനായാണ് ഔട്ട്ലുക്ക് ആൻഡ് എൻ.ഇ.ബി റിസർച്ച് പട്ടിക പുറത്തുവിടുന്നത്. ആസ്റ്റർ മെഡ്സിറ്റി നൽകുന്ന ഉന്നതനിലവാരമുള്ള ചികിത്സാസേവനങ്ങൾക്കുള്ള അംഗീകാരമാണ് പട്ടികയിലെ ഉയർന്ന സ്ഥാനം.പ്രകടനമികവിൽ ആസ്റ്റർ മെഡ്സിറ്റിയിലെ വിവിധ വിഭാഗങ്ങളും ഉന്നതസ്ഥാനങ്ങളിലുണ്ട്.

ഇന്ത്യയിലെ ഏറ്റവും മികച്ച മൂന്നാമത്തെ യൂറോളജി ആശുപത്രി എന്ന അംഗീകാരം ആസ്റ്റർ മെഡ്സിറ്റിക്കാണ്. ഹൃദ്രോഗചികിത്സയ്ക്ക് കൊച്ചിയിലെ ഏറ്റവും മികച്ച ചികിത്സാകേന്ദ്രമായും ആസ്റ്റർ മെഡ്സിറ്റി തെരഞ്ഞെടുക്കപ്പെട്ടു.

എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാകുന്നതും ഗുണമേന്മയുള്ളതുമായ ചികിത്സ നൽകാനായി ആസ്റ്റർ മെഡ്സിറ്റിയിലെ ടീം നടത്തുന്ന പരിശ്രമങ്ങൾക്ക് കിട്ടിയ അംഗീകാരമാണിതെന്ന് ആസ്റ്റർ ഇന്ത്യയുടെ വൈസ് പ്രസിഡന്റ് ഫർഹാൻ യാസിൻ പറഞ്ഞു.

ആസ്റ്റർ മെഡ്സിറ്റിയിലെ മുഴുവൻ ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും പ്രയത്നത്തിന് കിട്ടിയ അംഗീകാരമാണിതെന്നും അദ്ദേഹം പറഞ്ഞു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ബാക്ക് ടു കാമ്പസുമായി ഫ്ളിപ്കാർട്ട്

**കൊച്ചി :** ഫ്ളിപ്പ്കാർട്ടിൽ വിദ്യാർത്ഥികൾക്കായി ബാക്ക് ടു കാമ്പസ് കാംപയിൻ ജൂൺ 21 മുതൽ 27 വരെ. കാംപയിനിൽ, ലാപ്ടോപ്പുകൾ, ടാബ്ലെറ്റുകൾ, ഗെയിമിംഗ് കൺസോളുകൾ, സ്മാർട്ട് വാച്ചുകൾ, ഇയർഫോണുകൾ, ഹെഡ്ഫോണുകൾ തുടങ്ങിയ പ്രമുഖ ബ്രാൻഡുകളിൽ നിന്നുള്ള നിരവധി ഉൽപ്പന്നങ്ങൾ മിതമായ നിരക്കിൽ ലഭിക്കും. കൂടാതെ പഴയ ലാപ്ടോപ്പുകൾക്കുള്ള ആകർഷകമായ എക്സ്ചേഞ്ച് ഡീലുകൾ, സൂപ്പർകോയിനുകൾ, നോകോസ്റ്റ് ഇഎംഐ, ക്യാഷ് ഓൺ ഡെലിവറി, യുപിഐ, ക്രെഡിറ്റ്,ഡെബിറ്റ് കാർഡുകളിൽ ഓഫറുകൾ എന്നിവയും ഉപഭോക്താക്കൾക്ക് ലഭിക്കും. ലാപ്ടോപ്പുകൾക്കും ടാബ്ലെറ്റുകൾക്കും 6000 രൂപ വരെ അധിക സ്റ്റുഡന്റ് ഓഫറുകളുമുണ്ട്.

എച്ച്പി, അസ്യുസ്, ഏസർ തുടങ്ങിയ ബ്രാൻഡുകളുടെ ലാപ്ടോപ്പുകൾ 9990 രൂപ മുതൽ ലഭ്യമാകും. ഇത് കൂടാതെ, 45,990 രൂപ മുതൽ ആരംഭിക്കുന്ന, കാര്യക്ഷമമായ പ്രോസസറുകളും ഗ്രാഫിക്സ് കാർഡുകളുമുള്ള ലാപ്ടോപ്പുകളും ഓഫറിന്റെ ഭാഗമാകും. 4 ജിബി റാമും 128 ജിബി ഇന്റേണൽ സ്റ്റോറേജുമുള്ള എൽടിഇ ടാബ്ലെറ്റുകൾ വിദ്യാർത്ഥികൾക്ക് 9,999 എന്ന പ്രാരംഭ വിലയിൽ ലഭ്യമാക്കും. ബോട്ട്, സോണി, ബോൾട്ട് തുടങ്ങിയ ബ്രാൻഡുകളുടെ നോയ്സ് ക്യാൻസലിംഗ് ഹെഡ്ഫോണുകൾ 1,499 രൂപ മുതലും ബൗൾട്ട് ക്രൗൺ, ഫാസ്റ്റ്ട്രാക്ക് റിവോൾട്ട് എഫ്എസ്1 പ്രോ, നോയ്സ് ഐക്കൺ 2, ഫയർ ബോൾട്ട് ഡ്രീം തുടങ്ങിയ സ്മാർട്ട് വാച്ചുകൾ 1299 രൂപ മുതലും ഫ്ളിപ്കാർട്ട് ബാക്ക് ടു കാമ്പസിൽ ലഭ്യമാണ്.

# ഭവന വായ്പകൾ: അടിസ്ഥാന വസ്തുതകൾ മനസിലാക്കണം

**കൊച്ചി:** ഭവന വായ്പകൾ സംബന്ധിച്ച അടിസ്ഥാന വസ്തുതകൾ മനസിലാക്കുന്നത് ഇതിൻറെ സങ്കീർണതകൾ ഒഴിവാക്കാൻ ശമ്പളക്കാരെ സഹായിക്കുമെന്ന് പിരമൽ ഫിനാൻസ് ചീഫ് ബിസിനസ് ഓഫിസർ ജഗ്ദീപ് മല്ലറെഡ്ഡി പറഞ്ഞു.ബാങ്കുകളും സാമ്പത്തിക സ്ഥാപനങ്ങളും നൽകുന്ന വായ്പയ്ക്ക് സാധാരണയായി ആ വസ്തു തന്നെയാവും ഈട്. ക്രെഡിറ്റ് സ്കോർ, വരുമാനം, വസ്തുവിൻറെ മൂല്യം തുടങ്ങിയവയുടെ അടിസ്ഥാനത്തിലാകും ലഭിക്കുന്ന വായ്പ നിർണയിക്കുക. 15, 20, 30 വർഷങ്ങളിലായി മുതലും പലിശയും ചേർത്തു തിരിച്ചടക്കുകയും വേണം.

ശമ്പളക്കാരായ വ്യക്തികൾക്കു തങ്ങളുടെ സ്വപ്ന ഭവനങ്ങൾ സ്വന്തമാക്കാൻ ഏറ്റവും പ്രായോഗിക മാർഗം ഭവന വായ്പകളാണെന്നും ജഗ്ദീപ് മല്ലറെഡ്ഡി പറഞ്ഞു.ഭവന വായ്പയ്ക്കുള്ള അർഹതയാണ് ഇവിടെ സുപ്രധാന പങ്കു വഹിക്കുന്നത്. 23 മുതൽ 60 വയസു വരെയുള്ളവരായിരിക്കണം പൊതുവെ അപേക്ഷകർ. ഇതോടൊപ്പം സ്ഥിരതയുള്ള വരുമാനവും ഉണ്ടാകണം. 750 പോയിൻറിനു മുകളിലുള്ള ക്രെഡിറ്റ് സ്കോറും പലപ്പോഴും ഭവന വായ്പ ലഭിക്കാൻ നിർബന്ധമാകും. വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ സാമ്പത്തിക സ്ഥിരത തെളിയിക്കാൻ വിവിധ രേഖകളും സമർപ്പിക്കണം.

ശമ്പളക്കാരുടെ കാര്യത്തിൽ ആവശ്യമായ രേഖകൾ ലഭിച്ചു കഴിഞ്ഞാൽ വളരെ നേരിട്ടുള്ള പ്രക്രിയയാവും ഉണ്ടാകുക. ഇതിനു ശേഷം അനുമതിക്കത്തും നൽകും. ഭവന വായ്പകൾ തെരഞ്ഞെടുക്കുന്നത് ശമ്പളക്കാരെ സംബന്ധിച്ചു നിരവധി നേട്ടങ്ങളാണു നൽകുന്നത്.

കുറഞ്ഞ പലിശ നിരക്കുകൾ എന്നതു തന്നെ ഏറ്റവും പ്രധാന ഘടകം. മറ്റു വായ്പകളേക്കാൾ വേഗത്തിൽ ഇത് അനുവദിക്കപ്പെടുകയും ചെയ്യും. അപ്രതീക്ഷിത ഘട്ടങ്ങൾ നേരിടാൻ ഉതകുന്ന വിധത്തിലെ ഇൻഷുറൻസും സാമ്പത്തിക സ്ഥാപനങ്ങൾ ലഭ്യമാക്കും. ആദായ നികുതി ആനുകൂല്യങ്ങളാണ് മറ്റൊരു നേട്ടമെന്നും അദ്ദേഹം പറഞ്ഞു.

# ഓപ്പോ എഫ് 27 പ്രൊ പ്ലസ് 5ജി




**കൊച്ചി :** ഓപ്പോ ഇന്ത്യ എഫ് 27 പ്രൊ പ്ലസ് 5ജി അവതരിപ്പിച്ചു രാജ്യത്തെ ആദ്യത്തെ ഐപി 66, ഐപി 68, ഐപി 69റേറ്റഡ് സൂപ്പർ റഗ്ഗഡ്, മൺസൂൺറെഡി സ്മാർട്ട് ഫോൺ. എഫ് 27 പ്രൊ രണ്ട് നിറങ്ങളിൽ ലഭ്യമാണ്ഡസ്ക് പിങ്ക്, മിഡ്നൈറ്റ് നേവി കൂടാതെ 128ജിബി സ്റ്റോറേജിൽ 27,999 രൂപയ്ക്കും 256ജിബി വേരിയന്റിന് 29,999 രൂപയ്ക്കും റീട്ടെയിൽ നടത്തുന്നു.

# യുഎഇയിൽ ഒന്നാം വാർഷികാഘോഷവുമായി ബജാജ് അലയൻസ് ലൈഫ്

**കൊച്ചി:** യുഎഇയിലെ പ്രവർത്തനങ്ങളുടെ ഒന്നാം വാർഷികം ആഘോഷിക്കുന്ന ബജാജ് അലയൻസ് ലൈഫ് പ്രവാസികൾക്കായുള്ള സേവനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നു. വിവിധ രാജ്യങ്ങളിലായി വൈദ്യ പരിശോധനാ ശൃംഖല വിപുലമാക്കുന്നത് അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ബജാജ് അലയൻസ് ലൈഫിൻറെ അംഗീകൃത മെഡിക്കൽ പരിശോധനാ കേന്ദ്രങ്ങളിൽ പോളിസികൾക്കു മുൻപുള്ള വൈദ്യപരിശോധനകൾ നടത്താം. സ്വന്തം വീടിനുള്ളിൽ പോലും ഇതു നടത്താനുള്ള സൗകര്യമുണ്ട്. ബജാജ് അലയൻസ് ലൈഫിൻറെ ആദ്യ റെപ്രസെൻറ്ററിവ് ഓഫീസ് 2023 ജൂണിലാണ് ദുബായിൽ ആരംഭിച്ചത്.ബജാജ് ലൈഫിൻറെ പല പുതിയ രീതികളും ഡിജിറ്റൽ സംവിധാനങ്ങളും ഉപഭോക്താക്കൾക്ക് പോളിസി കൈകാര്യം ചെയ്യുന്നതും ക്ലെയിമുകൾ സംബന്ധിച്ച നടപടിക്രമങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതും ഉപഭോക്തൃ സേവനങ്ങൾ നേടുന്നതുമെല്ലാം വളരെ ലളിതമാക്കിയിട്ടുണ്ടെന്ന് ബജാജ് അലയൻസ് ലൈഫ് ഓപറേഷൻസ് മേധാവിയും കസ്റ്റമർ എക്സ്പീരിയൻസ് ഓഫിസറുമായ രാജേഷ് കൃഷ്ണൻ പറഞ്ഞു. ഡിജിറ്റലായി ക്ലെയിമുകൾ നൽകാനാവുന്നതും അവ അതിവേഗത്തിൽ കാര്യക്ഷമമായി പൂർത്തിയാക്കുന്നതും ഉപഭോക്താക്കൾക്ക് ഏറെ സൗകര്യപ്രദമാണ്. അന്താരാഷ്ട്ര ബാങ്കുകളുടെ ക്രെഡിറ്റ് കാർഡുകൾ വഴി പ്രീമിയം ഓട്ടോ പെയ്മെൻറ് ആയിനൽകാനാവുന്നതും പ്രവാസികൾക്ക് ഏറെ ഗുണകരമാണ്.

എൻആർഐ ഉപഭോക്താക്കളുടെ പ്രത്യേകമായ ആവശ്യങ്ങൾ തങ്ങൾ മനസിലാക്കുന്നതായും അവർക്ക് ആവശ്യമായ സേവനങ്ങൾ കൃത്യമായി ലഭ്യമാക്കുന്നതിന് തങ്ങൾ തുടർച്ചയായി ശ്രമിക്കുന്നതായും രാജേഷ് കൃഷ്ണൻ പറഞ്ഞു. അവരിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള തങ്ങളുടെ നീക്കങ്ങൾ പ്രവാസി ഉപഭോക്താക്കളുടെ എണ്ണം മികച്ച രീതിയിൽ വർധിക്കാൻ ഇടയാക്കിയിട്ടുണ്ട്. ജീവിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനു സഹായിക്കുന്ന യുഎഇയിലേയും ഗൾഫ് മേഖലയിലേയും വിശ്വസനീയമായ സ്ഥാപനമെന്ന നിലയിൽ പ്രവാസികൾക്കിടയിൽ സ്ഥാനം നേടാനയതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# കേരള ബാസ്കറ്റ്ബോളിന് പുതുമുഖം നൽകാൻ സ്റ്റാർട്ടിംഗ് ഫൈവ് സ്പോർട്സ്

**കൊച്ചി:** നിർമിത ബുദ്ധിയടക്കമുള്ള നവീനമായ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സംസ്ഥാനത്തെയും രാജ്യത്തെയും ബാസ്കറ്റ്ബോളിനെ നവീകരിക്കാൻ ഒരുങ്ങി സ്റ്റാർട്ടിംഗ് ഫൈവ് സ്പോർട്സ് . കേരളത്തിൽ ബാസ്കറ്റ്ബോളിന് വ്യാപകമായ പ്രചാരണവും അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ട് സ്കൂൾ തലം മുതൽ പരിശീലന പദ്ധതികൾ നടപ്പിലാക്കുകയാണ് ലക്ഷ്യം. ഇതിന്റെ ഭാഗമായി കേരള ബാസ്ക്കറ്റ്ബോൾ അസോസിയേഷനും സ്റ്റാർട്ടിംഗ് ഫൈവ് സ്പോർട്സ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും തമ്മിലുള്ള 12 വർഷത്തെ സഹകരണത്തിന് ധാരണയായി. മീരാൻ സ്പോർട്സുമായി സഹകരിച്ചാണ് പദ്ധതികൾ നടപ്പിലാക്കുക സ്റ്റാർട്ടിംഗ് ഫൈവിന്റെ ലോഗോ പ്രകാശനം സിന്തൈറ്റ് ഗ്രൂപ്പ് ചെയർമാൻ വിജു ജേക്കബ് കൊച്ചിയിൽ വില്ലിംഗ്ഡൺ ഐലൻഡിലെ കാസിനോ ഹോട്ടലിൽ നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു.കേരളത്തിലെ ബാസ്കറ്റ്ബോളിന് പ്രചാരണം നൽകുന്നതിനും അതിന്റെ താഴെക്കിടയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനും സംസ്ഥാനത്തെ സ്കൂൾ തലത്തിൽ പ്രതിഭകളെ വളർത്താനും വികസിപ്പിക്കാനും ലക്ഷ്യമിട്ടുള്ള എസ് 5 ഗ്രാസ്റൂട്ട്സിന്റെ സമാരംഭവും ചടങ്ങിൽ നടന്നു.കേരളത്തിലെ എല്ലാ ജില്ലകളിലെയും ബാസ്ക്കറ്റ്ബോൾ രംഗത്തെ സജീവമായി പ്രോത്സാഹിപ്പിക്കുന്ന കേരള ബാസ്ക്കറ്റ്ബോൾ അസോസിയേഷന്റെ (കെബിഎ) പിന്തുണയോടെയാണ് മുഴുവൻ സംരംഭവും നടപ്പാക്കുന്നതെന്ന് സ്റ്റാർട്ടിംഗ് ഫൈവിന്റെ ഡയറക്ടർ ജേക്കബ് പുരക്കൽ ചടങ്ങിൽ പറഞ്ഞു. കേരളത്തിലെ ബാസ്കറ്റ്ബോളിനെ പുതിയ തലങ്ങളിലേക്ക് ഉയർത്താൻ ലക്ഷ്യമിട്ട് ഒരു സ്വകാര്യ പങ്കാളിക്കൊപ്പം കേരള ബാസ്കറ്റ്ബോൾ അസോസിയേഷനും കൈകോർക്കുന്നത് ഇന്ത്യയിൽ ആദ്യമാണെന്നും ഇതൊരു മികച്ച മാതൃകയാണെന്നും വരും വർഷങ്ങളിൽ മറ്റുള്ള സംസ്ഥാനങ്ങളിലെ അസ്സോസിയേഷനുകളും ഇത് പിന്തുടരാൻ ശ്രമിക്കണമെന്ന് ബാസ്ക്കറ്റ്ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് ആധവ് അർജുൻ പറഞ്ഞു. സ്റ്റാർട്ടിംഗ് ഫൈവിന്റെ വെബ്സൈറ്റ് പ്രകാശനം ചലച്ചിത്ര സംവിധായകൻ സിബി മലയിൽ നിർവഹിച്ചു. കേരള ബാസ്കെറ്റ്ബോളിലെ കഴിഞ്ഞ നാല് ദശാബ്ദങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച നൂറോളം കളിക്കാർ ഉൾപ്പെടെ 200ലധികം ബാസ്ക്കറ്റ്ബോൾ പ്രേമികൾ ചടങ്ങിൽ പങ്കെടുത്തു. തോമസ് ജോർജ് മുത്തൂറ്റ് (ഡയറക്ടർ, മുത്തൂറ്റ് ഫിൻകോർപ്പ്), നവാസ് മീരാൻ (ചെയർമാൻ, ഗ്രൂപ്പ് മീരാൻ), ഫിറോസ് മീരാൻ (മീരാൻസ് സ്പോർട്സ്, മാനേജിംഗ് ഡയറക്ടർ), കെബിഎ പ്രസിഡന്റ് മനോഹര കുമാർ, ആജീവനാന്ത കെബിഎ പ്രസിഡന്റ് പി ജെ സണ്ണി, മുൻ സെക്രട്ടറി ഡോ എം എം ചാക്കോ, കെബിഎ സെക്രട്ടറി സി ശശിധരൻ, മുൻ ഇന്റർനാഷണൽ മുഹമ്മദ് ഇഖ്ബാൽ, മുൻ ഇന്ത്യൻ ക്യാപ്റ്റൻ സി വി സണ്ണി, റീജിയണൽ സ്പോർട്സ് സെന്റർ എക്സിക്യൂട്ടീവ് സെക്രട്ടറി എസ് എ എസ് നവാസ്, കേരള ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറി കെ അനിൽ കുമാർ, സ്റ്റാർട്ടിങ് ഫൈവ് ഡയറക്ടർ അജികുമാർ നായർ, ടീം റീബൗണ്ട് സെക്രട്ടറി കെ എ സലീം, കോശി എബ്രഹാം എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അലക്സ സ്മാർട്ട് ഹോം ഡേയ്സ് പ്രഖ്യാപിച്ച് ആമസോൺ

**കൊച്ചി:** അലക്സയുമായി പൊരുത്തപ്പെടുന്ന സ്മാർട്ട് ഹോം ഉപകരണങ്ങൾക്ക് 70% വരെ കിഴിവ് പ്രഖ്യാപിച്ച് ആമസോൺ. അലക്സ സ്മാർട്ട് ഹോം ഡേയ്സ് എന്ന പേരിൽ 2024 ജൂൺ 15 മുതൽ ജൂൺ 21 വരെ ആമസോൺ.ഇൻ ൽ നിന്ന് അലക്സയുമായി പൊരുത്തപ്പെടുന്ന ഉപകരണങ്ങളുടെ വിപുലമായ ശ്രേണിയിൽ നിന്ന് വൻ ഇളവുകളോടെ ഉപഭോക്താക്കൾക്ക് ഷോപ്പിംഗ് ചെയ്യാമെന്ന് കമ്പനി അധികൃതർ അറിയിച്ചു.അലക്സ എക്കോ സ്മാർട്ട് സ്പീക്കറുകൾ, അലക്സ സ്മാർട്ട് ഹോം കോംബോകൾ, ഫിലിപ്സ്, ഡൈസൻ, എംഐ, പാനസോണിക്, ക്യൂബോ, വിപ്രോ, ആറ്റംബർഗ്, സിപി പ്ലസ്, ടിപിലിങ്ക്, ഹോംമേറ്റ് തുടങ്ങിയ ബ്രാൻഡുകളിൽ നിന്നുള്ള 1200ലധികം അലക്സ അനുയോജ്യ സ്മാർട്ട് ഹോം ഉപകരണങ്ങൾക്ക് 60% വരെ കിഴിവ് ലഭിക്കും.സ്മാർട്ട് ലൈറ്റുകൾ, പ്ലഗുകൾ, ഫാനുകൾ, ടിവികൾ, സുരക്ഷാ ക്യാമറകൾ, ഡോർ ലോക്കുകൾ, എസികൾ, വാട്ടർ ഹീറ്ററുകൾ, എയർ പ്യൂരിഫയറുകൾ തുടങ്ങിയവ ഉപഭോക്താക്കൾക്ക് വിലക്കിഴിവോടെ വാങ്ങാം.ആമസോൺ.ഇൻ ൽ 2024 ജൂൺ 15ന് പുലർച്ചെ 12 മുതൽ 2024 ജൂൺ 21ന് രാത്രി 11:59 വരെ ഓഫറുകൾ ലഭ്യമാകും.

# ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ്: ഐപ്രൊട്ടക്ട് സ്മാർട്ടിൽ വനിതകൾക്ക് ഇളവുംഅധിക ഇളവും

**കൊച്ചി:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫിന്റെ ടേം ഇൻഷുറൻസ് പദ്ധതിയായ ഐപ്രൊട്ടക്ട് സ്മാർട്ടിൽ അടക്കേണ്ട എല്ലാ പ്രീമിയങ്ങൾക്കും വനിതകൾക്ക് 15 ശതമാനം ജീവിതകാല ഇളവ് പ്രഖ്യാപിച്ചു. ഇതിനു പുറമേ ശമ്പളക്കാരായ വനിതകൾക്ക് ആദ്യ വർഷ പ്രീമിയത്തിൽ 15 ശതമാനം അധിക ഇളവും നൽകും. സ്തനാർബുദം ഉൾപ്പെടെയുള്ള 34 വിവിധ മാരക രോഗങ്ങൾക്കെതിരെയുള്ള ക്രിട്ടിക്കൽ ഇൽനെസ് പരിരക്ഷ അടക്കം ഐപ്രൊട്ടക്ട് സ്മാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ആരോഗ്യ, ലൈഫ് ഇൻഷുറൻസുകളുടെ നേട്ടങ്ങൾ ഒരുമിച്ചു പ്രദാനം ചെയ്യും. വനിതകൾ വിവിധ തലങ്ങളിലായി വഹിക്കുന്ന പങ്കിനെ അംഗീകരിക്കാനും ആഘോഷിക്കാനുമായാണു തങ്ങൾ 15 ശതമാനം ഇളവു നൽകുന്നതെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ ഐസിഐസിഐ പ്രൂഡെൻഷ്യൽ ലൈഫ് ഇൻഷുറൻസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത്ത് പാൽട്ട പറഞ്ഞു.ഐ പ്രൊട്ടക്ട് സ്മാർട്ട് മരണം, മാരകമായ അസുഖം, വൈകല്യം എന്നിവ ഉൾപ്പെടെയുള്ള ജീവിതത്തിലെ അനിശ്ചിതത്വങ്ങളിൽ താങ്ങാനാവുന്ന പ്രീമിയത്തിൽ സാമ്പത്തിക പരിരക്ഷ നൽകുന്നു. കൂടാതെ ഈ പോളിസി 99 വയസ്സ് വരെ ലൈഫ് കവർ വാഗ്ദാനം ചെയ്യുന്നു.

# 20 മില്യൺ ഡോളറിന്റെ ഉപകരാർ സ്വന്തമാക്കി കെബിസി ഗ്ലോബൽ

**കൊച്ചി:** റിയൽ എസ്റ്റേറ്റ് വികസന രംഗത്തെ പ്രമുഖരായ കെബിസി ഗ്ലോബൽ ലിമിറ്റഡ് സിആർജെജെ ലിമിറ്റഡിൽ നിന്ന് 20 മില്യൺ യുഎസ് ഡോളറിന്റെ ഉപകരാർ സ്വന്തമാക്കി. കെബിസി ഗ്ലോബലിന്റെ ഉടമസ്ഥതയിലുള്ള കെനിയൻ അനുബന്ധ സ്ഥാപനമായ കർദ ഇന്റർനാഷണൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് വഴിയാണ് കരാർ നേടിയത്, ആഫ്രിക്കൻ വിപണിയിലെ കമ്പനിയുടെ വിപുലീകരണ ചുവടുകൾക്ക് അടിവരയിടുന്നതാണ് ഈ നേട്ടം.അന്താരാഷ്ട്ര അടിസ്ഥാന സൗകര്യ വികസനത്തിൽ കെബിസി ഗ്ലോബലിന്റെ വർദ്ധിച്ചുവരുന്ന കഴിവുകളും പ്രശസ്തിയും ഉയർത്തിക്കാട്ടുന്നതാണ് കരാർ. ആഫ്രിക്കയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സംഭാവന നൽകുന്നതിനുള്ള കമ്പനിയുടെ പ്രതിബദ്ധതയുടെ തെളിവാണ് ഈ പ്രോജക്റ്റ്, ഭൂഖണ്ഡത്തിന്റെ വികസനത്തിൽ ഒരു പ്രധാന പങ്കാളിയാകുന്നതിനുള്ള പ്രധാന ചുവടുവെപ്പാണിത്.

# യോഗ കോഴ്സ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്കോൾകേരളയിൽ നാഷണൽ ആയുഷ് മിഷന്റേയും സംസ്ഥാന ആയുഷ് വകുപ്പിന്റേയും അംഗീകാരത്തോടെ എറണാകുളം എസ്.ആർ.വി.(ഡി).എൽ.പി സ്കൂളിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഹയർസെക്കണ്ടറി അല്ലെങ്കിൽ തത്തുല്യ കോഴ്സ് പാസ്സായവർക്ക് അപേക്ഷിക്കാം. പ്രായപരിധി 17 വയസ് മുതൽ 50 വയസ് വരെ. താൽപ്പര്യമുള്ളവർക്ക് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം.ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ട് ദിവസത്തിനകം നിർദ്ദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ സ്പീഡ്/രജിസ്റ്റേഡ് തപാൽ മാർഗ്ഗം സംസ്ഥാന ഓഫീസിലേയ്ക്കോ അല്ലെങ്കിൽ ജില്ലാഓഫീസിൽ നേരിട്ടോ എത്തിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് 04842377537, 9447913820

# ഇന്ത്യ ടാലൻറ് കപ്പ്: ശ്രദ്ധേയ പ്രകടനവുമായി ഹോണ്ട റേസിംഗ് ഇന്ത്യ ടീം

**കൊച്ചി:** ചെന്നൈയിലെ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ സമാപിച്ച 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിൻറെ അദ്യ റൗണ്ടിലെ എൻഎസ്എഫ്250ആർ വിഭാഗം രണ്ടാം റേസിലും മികവുറ്റ പ്രകടനം തുടർന്ന് ഹോണ്ട റേസിംഗ് ഇന്ത്യ ടീമിലെ യുവ റൈഡർമാർ.എൻഎസ്എഫ് 250ആർ ഓപ്പൺ ക്ലാസ് റേസിൽ 20കാരനായ ശ്യാം ശുന്ദർ ട്രാക്കിലുടനീളം ആധിപത്യം പുലർത്തി ഒന്നാം സ്ഥാനം നേടി. മൊഹ്സിൻ പി രണ്ടാം സ്ഥാനവും, രക്ഷിത് എസ് ദവെ മൂന്നാം സ്ഥാനവും നേടി. 5:46.716 എന്ന മൊത്തം ലാപ് സമയത്തിലാണ് ശ്യാം ശുന്ദർ എതിരാളികളെ പിന്നിലാക്കി ഒന്നാം സ്ഥാനത്തേക്ക് കുതിച്ചത്.രണ്ടാം സ്ഥാനത്തിനായി അതിഗംഭീര പ്രകടനമായിരുന്നു 22കാരനായ മലപ്പുറം സ്വദേശി മൊഹ്സിൻ പി, ചെന്നൈയിൽ നിന്നുള്ള 16കാരൻ രക്ഷിത് എസ് ദവെ എന്നിവരുടേത്. ഒരിക്കൽകൂടി ട്രാക്കിൽ അസാധാരണമായ വേഗതയും തന്ത്രപരമായ വൈദഗ്ധ്യവും പ്രകടിപ്പിച്ച മൊഹ്സിൻ രക്ഷിത്തുമായുള്ള കടുത്ത പോരാട്ടത്തിനൊടുവിൽ രണ്ടാം സ്ഥാനം നേടി. 5:47.106 സെക്കൻറ് സമയത്തിലായിരുന്നു ഫിനിഷിങ്. രക്ഷിത് എസ് ദവെയ്ക്ക് 0.700 സെക്കൻറ് വ്യത്യാസത്തിലാണ് രണ്ടാം സ്ഥാനം നഷ്ടമായത്. മൂന്നാം സ്ഥാനം നേടിയ താരം 5:47.806 സമയത്തിലാണ് മുഴുവൻ ലാപ് പൂർത്തിയാക്കിയത്. മൂന്നാം ലാപ്പിലെ കൂട്ടയിടി കാരണം റഹീഷ് ഖത്രി, വിഘ്നേഷ് പോതു, എഎസ് ജെയിംസ് എന്നിവർക്ക് മത്സരം പൂർത്തിയാക്കാനായില്ല. 2024 ഐഡിമിത്സു ഹോണ്ട ഇന്ത്യ ടാലൻറ് കപ്പിൻറെ രണ്ടാം റൗണ്ട് മത്സരങ്ങൾ ജൂലൈയിൽ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ നടക്കും.







# സപ്തസ്വരസുധ ; സംഗീത ആൽബം റിലീസ് ചെയ്തു

**തിരുവനന്തപുരം:** സുബിൻ എബ്രഹാം രചന നിർവ്വഹിച്ച് സംഗീത അധ്യാപികയായ ദിവ്യ എസ് ചിട്ടപ്പെടുത്തി ആലപിച്ച മ്യൂസിക് ആൽബം 'സപ്തസ്വരസുധ' പുറത്തിറക്കി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ശശി തരൂർ എംപിയായിരുന്നു ആൽബത്തിന്റെ പ്രകാശനം നിർവ്വഹിച്ചത്. തിരുവയ്യാറിലെ ത്യാഗരാജസ്വാമികളുടെ സമാധിയിലേക്കുള്ള യാത്രയും അവിടത്തെ പ്രകൃതിയേയും ജീവിതത്തേയും ത്യാഗരാജസ്വാമികളെയും കുറിച്ചുള്ള ദുഃഖം ഘനീഭവിച്ച അനുഭവങ്ങളുമാണ് എഴുത്തുകാരന്റെയും, സംഗീതജ്ഞയുടെയും പ്രചോദനം. സപ്തസ്വരസുധാസരണികൾ'എന്ന് തുടങ്ങുന്ന ഗാനം 'ശുഭപന്തുവരാളി' രാഗത്തിലാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്. പാട്ടുകാരിയും, സംഗീത അധ്യാപികയുമായ ദിവ്യ എസ്. നിരവധി ഗാനങ്ങൾക്ക് മുൻപും ഈണം നൽകിയിട്ടുണ്ട്. പൂർണ ഔപകാരികതയോടെ ഒരു ആൽബമായി പുറത്തിറങ്ങുന്നത് ഇത് ആദ്യമായാണ്. 'സപ്തസ്വരസുധ' പാട്ടിന്റെ ഉൾക്കാമ്പ് ഒട്ടും ചോർന്നു പോകാതെ ദൃശ്യവൽക്കരിച്ചിട്ടുണ്ട്. എല്ലാ പ്രധാന സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിലും ആൽബം ലഭ്യമാണ്. ഐക്കഫ് അഡ്വൈസർ ഫാ. ബേബി ചാലിൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലോപ്പസ്, ഷാജി വട്ടേക്കാട്, പിവൈ അനിൽകുമാർ തുടങ്ങിയവർ പ്രകാശന ചടങ്ങിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ചാരിയോൾ ഇന്ത്യൻ വിപണിയിൽ

**കൊച്ചി:** ടൈറ്റൻ കമ്പനിയിൽ നിന്നുള്ള ഇന്ത്യയിലെ ഏറ്റവും വലിയ പ്രീമിയം വാച്ച് റീട്ടെയിലറായ ഹീലിയോസ് സ്വിസ് ആഡംബര വാച്ച് ബ്രാൻഡായ ചാരിയോളിനെ ഇന്ത്യൻ വിപണിയിലെത്തിക്കുന്നു. കുറ്റമറ്റ കരകൗശല നൈപുണ്യത്തിനും പുരാതന കെൽറ്റിക് കലയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട പൈതൃകത്തിനും പേരുകേട്ടതാണ് ചാരിയോൾ. ഹീലിയോസിൻറെ നാൽപ്പതിലധികം വരുന്ന ആഗോള ബ്രാൻഡുകളുടെ ശേഖരത്തിൻറെ ഭാഗമാകും ഇനിമുതൽ ചാരിയോൾ.ശ്രദ്ധാപൂർവ്വം അവതരിപ്പിക്കുന്ന തങ്ങളുടെ ശേഖരത്തിലേക്ക് ചാരിയോളിനെ ഉൾപ്പെടുത്തുന്നതിൽ വലിയ ആഹ്ളാദമുണ്ടെന്നും പ്രീമിയം വിഭാഗത്തിൽ തന്ത്രപരമായ വികസനമാണ് ഇതെന്നും ടൈറ്റൻ കമ്പനി വാച്ചസ് ആൻറ് വെയറബിൾസ് സിഇഒ സുപർണ മിത്ര പറഞ്ഞു. അന്താരാഷ്ട്ര വാച്ച് ശേഖരങ്ങളുടെ വിപുലീകരണം തങ്ങൾ തുടരുകയാണ്. 202425 വർഷത്തിൽ തങ്ങളുടെ വളർച്ച 35 ശതമാനമാക്കാൻ ഉദ്ദേശിക്കുന്നു. സ്വിസ് പാരമ്പര്യവും കരവിരുതും ആധുനീക സാങ്കേതികവിദ്യയോടു തോൾചേർത്ത് എത്തുന്ന ചാരിയോൾ വാച്ചുകൾ തങ്ങളുടെ ഉപഭോക്താക്കളുടെ അഭിരുചികൾക്കനുസരിച്ചുള്ള ഉത്പന്നമാണ്. ഈ പങ്കാളിത്തം തങ്ങളുടെ ശേഖരത്തെ കൂടുതൽ ശക്തമാക്കുന്നതിനൊപ്പം ലോകത്തെങ്ങും നിന്നുള്ള പ്രീമിയം വാച്ചുകളുമായി പ്രിയപ്പെട്ട കേന്ദ്രമെന്ന ഹെലിയോസിൻറെ സ്ഥാനം അരക്കിട്ടുറപ്പിക്കുക കൂടി ചെയ്യുമെന്നും സുപർണ മിത്ര കൂട്ടിച്ചേർത്തു.വൻ സാധ്യകളുള്ളതും കരവിരുതിനോട് ശക്തമായ അഭിനിവേശം ഉള്ളതുമായ ഇന്ത്യൻ വിപണിയിലേക്ക് ചാരിയോൾ എത്തിക്കുന്നതിൽ തങ്ങൾക്ക് ഏറെ ആഹ്ളാദമുണ്ടെന്ന് ചാരിയോൾ സിഇഒയും ക്രിയേറ്റീവ് ഡയറക്ടറുമായ കൊറാലി ചാരിയോൾ പറഞ്ഞു. ടൈറ്റൻ കമ്പനിയിൽ നിന്നുള്ള ഹീലിയോസുമായുള്ള തന്ത്രപരമായ സഹകരണം തങ്ങൾ ലക്ഷ്യമിടുന്ന വിഭാഗത്തിലേക്ക് എത്തിച്ചേരാനും അതുല്യമായ ഉപഭോക്തൃ അനുഭവങ്ങൾ പ്രദാനം ചെയ്യാനും സഹായകമാകും. ദീർഘകാല വളർച്ച പ്രതീക്ഷിക്കുന്ന തങ്ങൾ ഇന്ത്യൻ ആഡംബര വിഭാഗത്തിലെ മൂല്യമേറിയ വിഭാഗമായി മാറാൻ കാത്തിരിക്കുകയാണെന്നും കൊറാലി ചാരിയോൾ പറഞ്ഞു.




# സിയാൽ, ടിയാൽ അഗ്നിശമന സേനാംഗങ്ങൾക്ക് പാസിങ് ഔട്ട് പരേഡ്

**കൊച്ചി:** കൊച്ചി, തിരുവനന്തപുരം വിമാനത്താവളങ്ങളിൽ നിന്നുള്ള 55 എ.ആർ.എഫ്.എഫ് ട്രെയിനികൾക്ക് സിയാൽ ഏവിയേഷൻ അക്കാദമിയിൽ പാസിങ് ഔട്ട് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (സിയാൽ) ഏവിയേഷൻ അക്കാദമി കൊച്ചിൻ ഇന്റർനാഷണൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് (സി.ഐ.എ.എസ്.എൽ), വിമാനത്താവള അഗ്നി ശമന സുരക്ഷാ ട്രെയിനികൾക്കുള്ള അടിസ്ഥാന പരിശീലന കോഴ്സ് രണ്ടാം ബാച്ച് പാസിംഗ് ഔട്ട് പരേഡ് ചടങ്ങ് നടത്തി. നാല് മാസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 55 ട്രെയിനികളുടെ പാസിംഗ് ഔട്ട് പരേഡ് ആണ് നടന്നത്. സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. സത്യപ്രതിജ്ഞ, മാർച്ച് പാസ്റ്റ്, അഗ്നിശമന അഭ്യാസപ്രകടനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവയും ചടങ്ങിന്റെ ഭാഗമായി നടന്നു. സിയാൽ എ.ആർ.എഫ്.എഫിലെ 6 ജൂനിയർ മാനേജർ ട്രെയിനിമാർക്കൊപ്പം തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് 49 ട്രെയിനികളും പരിശീലനം നേടി.

ഫെബ്രുവരി 19 ന് ആരംഭിച്ച പരിശീലനം ജൂൺ 18 ന് സമാപിച്ചു. ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ (ഐ.സി.എ.ഒ) മാനദണ്ഡങ്ങൾ അനുസരിച്ചാണ് സിലബസ് ആസൂത്രണം ചെയ്തത്. സിയാൽ എ.ആർ.എഫ്.എഫ് വിഭാഗം വിമാനത്താവളത്തിൽ ഓൺ സൈറ്റ് പരിശീലനത്തിലൂടെ എല്ലാ ട്രെയിനികൾക്കും സമഗ്രമായ പ്രായോഗികതലത്തിലുള്ള അറിവും അനുഭവവും ഉറപ്പാക്കി. സിയാൽ എ.ആർ.എഫ്.എഫ് വിഭാഗത്തോടൊപ്പം കേരള ഫയർ ആൻഡ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ്, കേരള മൗണ്ടനിയറിംഗ് ടീം, അശോക് ലെയ്‌ലാൻഡ് ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നുള്ള വിദഗ്ധർ അടങ്ങുന്ന അധ്യാപകരാണ് സെഷനുകൾ കൈകാര്യം ചെയ്തത്.




പ്രധാന പാഠ്യപദ്ധതിക്ക് പുറമേ, പ്രായോഗിക വൈദഗ്ധ്യം ഉറപ്പാക്കാനും അടിയന്തിര സാഹചര്യങ്ങളിൽ തയ്യാറാക്കുന്നതിനുമായി ബാഹ്യ പരിശീലന പരിപാടികളും ഇവർക്കായി സംഘടിപ്പിച്ചിരുന്നു. കേരള മൗണ്ടനിയറിംഗ് ടീം നടത്തിയ ബിൽഡിംഗ് റെസ്ക്യൂ ഓപ്പറേഷൻസ്, തൃശൂരിലെ കേരള ഫയർ ആൻഡ് റെസ്ക്യൂ അക്കാദമിയിൽ നടന്ന ടണൽ ആൻഡ് സ്മോക്ക് ചേംബർ ഫയർഫൈറ്റിംഗ്, ബി.പി.സി.എൽ നേതൃത്വം കൊടുത്ത പ്രഷർ ഫെഡ് ഫയർഫൈറ്റിംഗ്, കൂടാതെ തമിഴ്നാട്ടിലെ നാമക്കലിലുള്ള അശോക് ലെയ്‌ലാൻഡ് ഡ്രൈവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള ബഹെവി ഡ്രൈവിംഗ് പരിശീലനം എന്നിവ പരിശീലനത്തിൽ ഉൾപ്പെടുന്നു.

സി.ഐ.എ.എസ്.എൽ മാനേജിങ് ഡയറക്ടർ സന്തോഷ് പൂവ്വട്ടിൽ, സിയാൽ എ.ആർ.എഫ്.എഫ് ഹെഡ് സോജൻ കോശി, കോസ്ററ് ഗാർഡ് കമാൻഡിങ് ഓഫീസർ വരുൺ ഉപാദ്ധ്യായ, തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലെ ചീഫ് എയർപോർട്ട് ഓഫീസർ രാഹുൽ ഭട്കോടി, മറ്റ് ഓഫീസർമാർ, സിയാൽ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിൽ (എ.സി.ഐ) നിന്ന് അടുത്തിടെ സി.ഐ.എ.എസ്.എല്ലിന് ഔദ്യോഗികമായി അംഗീകാരം ലഭിച്ചിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെ (കുസാറ്റ്) അംഗീകാരത്തോടെ സി.ഐ.എ.എസ്.എൽ അക്കാദമി പുതിയ വ്യവസായഅധിഷ്ഠിത കോഴ്സുകൾ കൂടി ആരംഭിക്കുന്നു. ഇതിനു പുറമേ, 2024 ഓഗസ്റ്റിൽ ഒരു പുതിയ അഞഎഎ കോഴ്സ് കൂടി ആരംഭിക്കുകയാണ്.

# ടാറ്റയുടെ വാണിജ്യ വാഹനങ്ങൾക്ക് ജൂലൈ മുതൽ വില വർധിക്കും

**കൊച്ചി:** വാണിജ്യ വാഹനങ്ങളുടെ വില 2024 ജൂലൈ ഒന്നു മുതൽ രണ്ടു ശതമാനം വരെ വർധിപ്പിക്കാനൊരുങ്ങി ടാറ്റ മോട്ടോർസ്. ഉൽപ്പന്നങ്ങളുടെ വിലവർധനവിനെത്തുടർന്നാണ് തീരുമാനമെന്ന് ടാറ്റാ മോട്ടോർസ് അറിയിച്ചു. വാണിജ്യ വാഹനങ്ങളുടെ മുഴുവൻ ശ്രേണിയിലും ഈ വിലവർധനവ് ബാധകമായിരിക്കും. കൂടാതെ ഒരോ മോഡലുകളും വേരിയന്റുകളും അനുസരിച്ച് വില വ്യത്യസ്തമായിരിക്കും.

# അമ്മ: പ്രസിഡന്റായി മൂന്നാം തവണയും മോഹൻലാൽ



**കൊച്ചി:** മലയാള ചലച്ചിത്ര താരങ്ങളുടെ സംഘടനയായ അമ്മയുടെ പ്രസിഡന്റായി മോഹൻലാൽ തുടരും. മൂന്നാം തവണയാണ് മോഹൻലാൽ സംഘടനയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുന്നത്. എതിരില്ലാതെയായിരുന്നു തിരഞ്ഞെടുപ്പ്. ഇനി ജനറൽ സെക്രട്ടറി സ്ഥാനത്ത് തുടരില്ലെന്ന് ഇടവേള ബാബു അറിയിച്ചതോടെ ഈ സ്ഥാനത്തേയ്ക്കും വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്കും തിരഞ്ഞെടുപ്പ് നടക്കുമെന്ന് ഉറപ്പായി. സിദ്ദീഖ്, കുക്കു പരമേശ്വരൻ, ഉണ്ണിശിവപാൽഎന്നിവരാണ് ജനറൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് മൽസരിക്കുന്നതിനായി നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരിക്കുന്നത് വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ജഗദീഷ്, ആർ ജയൻ, മഞ്ജുപിള്ള എന്നിവരാണ് പത്രിക സമർപ്പിച്ചിരിക്കുന്നത്. ജോയിന്റ് സെക്രട്ടറി സ്ഥാനത്തേയ്ക്ക് ബാബുരാജും അനൂപ് ചന്ദ്രനുമാണുള്ളത്. ട്രഷറർ സ്ഥാനത്തേയ്ക്ക് ഉണ്ണി മുകുന്ദൻ മാത്രമാണുള്ളത്.വോട്ടിങ് അവകാശമുള്ള 506 അംഗങ്ങളാണ് അമ്മയിലുള്ളത്.എറണാകുളം ഗോകുലം കൺവെൻഷൻ സെന്ററിൽ ഈ മാസം 30 ന് ചേരുന്ന വാർഷിക പൊതുയോഗത്തിലാണ് തിരഞ്ഞെടുപ്പ് നടക്കുക.




# ഫ്ളാഷ് സെയിലുമായി ഫോറം മാൾ

കൊച്ചി: കൊച്ചി ഫോറം കൊച്ചിയിൽ ജൂലൈ 5, 6, 7 തീയതികളിൽ അതിവിപുലമായ ഫ് ളാഷ് സെയിൽ നടക്കും.

നൂറിലധികം പ്രശസ്ത ബ്രാൻഡുകളുടെ ഉൽപങ്ങൾ വിവിധ വിഭാഗങ്ങളിലായി 50 ശതമാനം വിലക്കിഴിവിൽ വിൽപന മേളയിൽ ലഭ്യമാകുമെന്ന് അധികൃതർ അറിയിച്ചു.നൂതന ഫാഷൻ വസ്ത്രങ്ങൾ, ആക്സസറികൾ, പാദരക്ഷകൾ, സ്പോർട്സ് വെയർ, ഗൃഹാലങ്കാര വസ്തുക്കൾ, ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ, ആഭരണങ്ങൾ തുടങ്ങി, രുചിവൈവിധ്യമൊരുക്കുന്ന ഡൈനിംഗ് അനുഭവങ്ങൾ വരെ മേളയിൽ ഒരുങ്ങും. എച്ച് ആന്റ് എം, മാർക്സ് ആന്റ് സ്പെൻസർ, ലൈഫ്സ്റ്റൈൽ, ഷോപ്പർ സ്റ്റോപ്, ബോഡി വർക്സ് തുടങ്ങിയ അനേകം പ്രീമിയം ബ്രാൻഡുകളുടെ നിരയായിരിക്കും മേളയുടെ ആകർഷണം. പിവിആർ ഐനോക്സിൽ 99 രൂപയ്ക്കും 101 രൂപയ്ക്കും തിരഞ്ഞെടുത്ത സിനിമകളുടെ പ്രദർശനങ്ങളുണ്ടാകും.

യൂമി, ദി ആർടിസ്റ്റ് ബൈ മാരിയറ്റ്, പഞ്ചാബ് ഗ്രിൽ, സ്റ്റാർബക്സ്, കെ എഫ് സി, ബാസ്കിൻ റോബിൻസ് എന്നിവയുൾപ്പെടെയുള്ള ജനപ്രിയ ഭക്ഷണശാലകളിൽ ഡിസ്കൗണ്ട് വിലയിൽ ട്രീറ്റുകൾ ഒരുക്കും. ഷോപ്പിംഗ് മേളയുടെ ഭാഗമായി ജൂലൈ 6ന് നടക്കുന്ന താരസമ്പന്നമായ മ്യൂസിക് ഫെസ്റ്റിവലിൽ റാപ്പർ വേടൻ, മാംഗോസ്റ്റിൻ ബാൻഡ്, സ്മോക്കി ഡിജെ അണിനരക്കും. കൂടുതൽ വിവരങ്ങൾക്ക്, ബന്ധപ്പെടുക 7593067639.

# ഓപസ് പ്രൈം ബിഎൽഡിസി ഫാനുമായി ഗോൾഡ്മെഡൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര ഇലക്ട്രിക്കൽ ഗുഡ്സ് (എഫ്എംജി) കമ്പനികളിലൊന്നായ ഗോൾഡ്മെഡൽ ഇലക്ട്രിക്കൽസ് ഓപസ് പ്രൈം ബിഎൽഡിസി ഫാൻ അവതരിപ്പിച്ചു. ഓപസ് പ്രൈം ബിഎൽഡിസി ഫാനിലെ ബിഎൽഡിസി സാങ്കേതികവിദ്യ സാധാരണ ഫാനുകളേക്കാൾ 40 ശതമാനം കൂടുതൽ മികച്ച പ്രകടനം ഉറപ്പാക്കുന്നുവെന്ന് ഗോൾഡ്മെഡൽ ഇലക്ട്രിക്കൽസ് ഡയറക്ടർ ബിഷൻ ജെയിൻ പറഞ്ഞു.ഇതിൻറെ മികച്ച മോട്ടോർ രൂപകൽപന കുറഞ്ഞ വോൾട്ടേജിൽ പോലും കൂടുതൽ കാറ്റ് നൽകുന്നു. ആൻറിഡസ്റ്റ് ഫീച്ചർ പൊടി അടിഞ്ഞുകൂടുന്നത് തടയുകയും ശുദ്ധവായു ലഭ്യമാക്കുകയും, അറ്റകുറ്റപ്പണി കുറയ്ക്കുകയും ചെയ്യുന്നു. ഇതിലൂടെ ഫാൻ കൂടുതൽ ഉപയോക്തൃ സൗഹൃദമാവുകയും ദീർഘകാലം നിലനിൽക്കുകയും ചെയ്യും. കൂടാതെ ഫാനിൻറെ സ്പീഡ് ലെവലുകളുടെ ആറ് എൽഇഡി ലൈറ്റുകൾ എവിടെനിന്നും സൗകര്യപ്രദമായി റിമോട്ട് കൺട്രോളിൽ പ്രവർത്തിപ്പിക്കാം. ദീർഘകാലം നിലനിൽക്കുന്നതും പരിസ്ഥിതി സൗഹൃദവും, കുറഞ്ഞ ചെലവ്, കുറഞ്ഞ വൈദ്യുതി ഉപഭോഗം, എന്നീ സാങ്കേതികവിദ്യയുമായാണ് ബിഎൽഡിസി ഫാനുകൾ എത്തുന്നത്. ഓപസ് പ്രൈം ബിഎൽഡിസിയുടെ അവതരണത്തോടെ വൈദ്യുതി ചെലവുകൾ കുറയ്ക്കാനും ഹരിത ഭൂമികായി കാർബണിൻ റെ അളവ് കുറയ്ക്കാനും ലക്ഷ്യമിടുന്നുവെന്നും ബിഷൻ ജെയിൻ പറഞ്ഞു.



കാര്യക്ഷമമായ ഊർജ്ജ ഉപയോഗം, ശബ്ദമില്ലാത്ത പ്രവർത്തനം, കൂടുതൽ കാലം ഈടുനിൽക്കുന്നു എന്നിവയാണ് ഈ ഫാനിൻറെ മറ്റ് സവിശേഷതകൾ. 5 വർഷത്തെ വാറൻറിയോടെ എത്തുന്ന ഓപസ് പ്രൈം ബിഎൽഡിസി ഫാൻ ഓൺലൈനിലും റീട്ടെയിൽ സ്റ്റോറുകളിലും 5,999 രൂപയ്ക്ക് ലഭ്യമാണ്.

# റീസൈക്കിൾ ചെയ്ത പെറ്റ് ബോട്ടിലുകളുമായി കൊക്കകോള ഇന്ത്യ

**കൊച്ചി:** കൊക്കകോള ഇന്ത്യ 250 എംഎൽ ബോട്ടിലുകളിൽ പൂർണ്ണമായും റീസൈക്കിൾ ചെയ്ത പെറ്റ് (ആർപിഇടി) ഉപയോഗിച്ച് പുതിയ പാക്കേജിംഗ് അവതരിപ്പിച്ചു. പാക്കേജിംഗ് മേഖലയിൽ ഒരു സർക്കുലർ സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിലേക്കുള്ള കമ്പനിയുടെ മറ്റൊരു ചുവടുവയ്പ്പാണിത്. എഎസ്എസ്പി എന്ന് പേരിട്ടിരിക്കുന്ന ഈ ബോട്ടിലുകൾ ഒഡീസ്സയിലാണ് ആദ്യമായി വിപണിയിൽ എത്തിക്കുന്നത്.കൊക്കകോളയുടെ ബോട്ടിലിങ്ങ് പങ്കാളിയായ ഹിന്ദുസ്ഥാൻ കൊക്കകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് (എച്ച്സിസിബിപിഎൽ) നിർമ്മിക്കുന്ന പുതിയ പ്ലാസ്റ്റിക് ബോട്ടിലുകൾ കമ്പനിയുടെ സുസ്ഥിരതാ പ്രതിബദ്ധതയെ വ്യക്തമാക്കുന്നു. പരമ്പരാഗത വിർജിൻ പെറ്റ് പാക്കേജുമായി താരതമ്യം ചെയ്യുമ്പോൾ, താങ്ങാനാവുന്ന വിലയ്ക്കുള്ള ചെറിയ സ്പാർക്കിലിംഗ് പാക്കേജ് (എഎസ്എസ്പി) പെറ്റ് മെറ്റീരിയലിന്റെ ഭാരം 36% കുറയ്ക്കുകയും കാരണം 36% കാർബൺ എമിഷൻ കുറയ്ക്കുകയും ചെയ്യുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.കൂടാതെ, വിർജിൻ പെറ്റിൽ നിന്ന് എഎസ്എസ്പിയിലെ റീസൈക്കിൾ ചെയ്ത പെറ്റിലേക്കുള്ള മാറ്റം കാരണം 66% കാർബൺ എമിഷൻ കുറയ്ക്കാൻ സാധിക്കും.






# കാമ്പസുകളിൽ ആർ.ടി.ഐ ക്ലബ്ബുകൾ തുടങ്ങും:വിവരാവകാശ കമ്മീഷണർ

**കൊച്ചി:** സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും കാമ്പസുകളിലും ആർ.ടി.ഐ (വിവരാവകാശം) ക്ലബ്ബുകൾ തുടങ്ങുമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ ഡോ.എ.എ ഹക്കിം പറഞ്ഞു. ഇത് യുവാക്കളെ കൂടുതൽ അറിവുള്ളവരാക്കുവാനും വിദ്യാഭ്യാസ മേഖലയിലെ രേഖാതിരിമറി ഉൾപ്പെടെയുള്ള അഴിമതികൾ ഇല്ലാതാക്കുവാനും സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.സംസ്ഥാന വിവരാവകാശ കമ്മീഷനുമായി സഹകരിച്ച് തേവര സേക്രഡ് ഹാർട്ട് കോളേജിലെ കൊമേഴ്സ് വിഭാഗത്തിൽ ആരംഭിച്ച വിവരാവകാശ ക്ലബ്ബിന്റെ ഉദ്ഘാടനവും ഏകദിന ശിൽപശാലയും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.കാമ്പസുകളിലെ ആർ.ടി.ഐ ക്ലബ്ബുകൾക്ക് സമൂഹത്തിലെ തിരുത്തൽ ശക്തികളാകാൻ കഴിയും. എസ്.എച്ച് കോളേജിലെ ആർ.ടി.ഐ ക്ലബ്ബ് ' ഇൻഫോാൻഡ്' ഒരു പരീക്ഷണമെന്ന നിലയിലാണ് കമ്മീഷൻ വീക്ഷിക്കുന്നത്. കുറഞ്ഞ കാലത്തെ പ്രവർത്തനപാഠം കൂടി ഉൾപ്പെടുത്തി ഒരു പൊതുമാനദണ്ഡം ഉണ്ടാക്കും. ആർ.ടി.ഐ ക്ലബുകൾക്ക് സംസ്ഥാനതലത്തിൽ ഏകോപനം ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. ആർ.ടി.ഐ നിയമം ഇന്ന് സിവിൽ സർവീസിന് ഒരു മുഖ്യവിഷയമാണ്. ആ നിലയ്ക്ക് വിദ്യാസമ്പന്നരായ യുവാക്കൾക്ക് ഭാവിയിൽ ആർ.ടി.ഐ ക്ലബ്ബ് പരിചയം ഏറെ ഗുണം ചെയ്യും. പി എസ് സി എന്നത് ചോദ്യം ചെയ്യാൻ പാടില്ലാത്ത കേന്ദ്രമല്ല. ജോലിക്ക് അപേക്ഷ ക്ഷണിക്കുന്നതു മുതൽ ചോദ്യപേപ്പർ തയാറാക്കിയവരുടെ യോഗ്യത, പേപ്പർ നോക്കിയവർ, സ്കോർ ഷീറ്റ് തയാറാക്കുന്നവിധം, ഇന്റർവ്യൂവിലെ മാർക്കിന്റെ സ്പ്ലിറ്റ് ഡീറ്റയിൽസ്, ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റ്, മെയിൻ ലിസ്റ്റ്, റൊട്ടേഷൻ ചാർട്ട് എന്നിവയെല്ലാം അറിയാൻ യുവാക്കൾക്ക് അവകാശമുണ്ട്.സമൂഹത്തിൽ അഴിമതി കണ്ടാൽ പ്രതികരിക്കാനുള്ള യുവാക്കളുടെ വാസന കേവലം ന്യൂമീഡിയ പ്രതികരണങ്ങളായി മാത്രം അവസാനിക്കരുതെന്നും അദ്ദേഹം പറഞ്ഞു.

തേവര എസ്.എച്ച് കോളജ് പ്രിൻസിപ്പൽ ഡോ.സി.എസ് ബിജു അധ്യക്ഷതവഹിച്ചു. വിവരാവകാശ പ്രവർത്തകനും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മിഷൻ പ്രസിഡന്റുമായ അഡ്വ.ഡി.ബി.ബിനു മുഖ്യ പ്രഭാഷണം നടത്തി.വിവരാവകാശ കമ്മിഷനുകൾ കേസുകൾ തീർപ്പാക്കുന്നതിന് കാലപരിധി വേണമെന്ന് അദ്ദേഹം പറഞ്ഞു.സുപ്രീം കോടതി അഭിഭാഷകൻ അഡ്വ. ജോസ് എബ്രഹാം, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ.അനിൽ ഫിലിപ്പ്, ആർ. ടി. ഐ. ക്ലബ് കോർഡിനേറ്റർ ജെയിംസ് വി ജോർജ് ക്ലബ്ബിന്റെ ആശയങ്ങളും ഭാവി പദ്ധതികളും വിശദീകരിച്ചു. ഡോ.ടെസ മേരി ജോസ്, ഡോ.സനു വർഗീസ് തുടങ്ങിയവർ പങ്കെടുത്തു. ക്ലബ് കോ ഓഡിനേറ്റർ സാനിയ ഷാജിയുടെ നേതൃത്വത്തിലുള്ള വിദ്യാർഥികളാണ് പരിപാടി സംഘടിപ്പിച്ചത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com